**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 3955 | 24.06.2014-ൽ മറുപടിയ്ക്ക്

## അയിലൂർ പട്ടികവർഗ്ഗ ഹോസ്റ്റലിന് സ്വന്തമായി കെട്ടിടം

**ചോദ്യം**
**ശ്രീ.വി.ചെന്താമരാക്ഷൻ**

**മറുപടി**
**കുമാരി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പാലക്കാട് ജില്ലയിലെ അയിലൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ ഹോസ്റ്റലിന് സ്വന്തമായി കെട്ടിടം ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഹോസ്റ്റൽ കെട്ടിടം പണിയുന്നതിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കുമോ; | ബി) | ചിറ്റൂർ താലൂക്കിൽ അയിലൂർ റീസർവ്വെ നമ്പർ 133/14-ൽപ്പെട്ട 50 സെന്റ് സ്ഥലം കെട്ടിട നിർമ്മാണത്തിനായി ഏറ്റെടുക്കുന്നതിന് ഭൂവില നിശ്ചയിച്ച് നൽകുന്നതിലേയ്ക്കായി ലാന്റ് വാല്യൂ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് പാലക്കാട് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി) | സ്ഥലം ഏറ്റെടുക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കുമോ; | സി) | ഇല്ല. |
| ഡി) | നിർദ്ധനരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലിന് സ്വന്തമായി കെട്ടിടം പണിയാൻ അടിയന്തരമായ നടപടി സ്വീകരിക്കുമോ? | ഡി) | അയിലൂർ പ്രീമെട്രിക് ഹോസ്റ്റലിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് ഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ